**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2410 12.02.2020-ലെ മറുപടിക്ക്

**കിൻഫ്രയുടെ കീഴിൽ പുതിയ വ്യവസായ പാർക്കുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത് | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| **(എ)** കിൻഫ്രയുടെ കീഴിൽ പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ;<br><br>**(ബി)** എത്ര ഏക്കർ സ്ഥലമാണ് ഇതിനായി ഏറ്റെടുക്കേണ്ടതെന്നും ഇതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്താമോ? | **(എ)& (ബി)** പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കുവാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്.<br>**<u>കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി:</u>**<br>കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയെ ഒരു നോഡ് ആയി വികസിപ്പിക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നുണ്ട്. വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പാലക്കാട് നോഡിനെ ഒരു സംയോജിത ഉല്പാദന ക്ലസ്റ്റർ ആയി വികസിപ്പിക്കാനാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിക്കായി 1878 ഏക്കർ ഭൂമിയാണ് പാലക്കാട് ജില്ലയിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ, പ്രസ്തുത പദ്ധതിക്കായി പാലക്കാട് ജില്ലയിൽ 1351 ഏക്കർ ഭൂമി കിഫ്ബി മുഖാന്തിരം ഏറ്റെടുക്കുന്നതിനും ഉദ്ദേശിക്കുന്നു.<br>**<u>ലാന്റ് ബാങ്ക്:</u>**<br>സംസ്ഥാനത്ത് വ്യവസായിക ഭൂമിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് കണ്ണൂർ ജില്ലയിൽ 4400 ഏക്കർ ഭൂമി കിഫ്ബി ഫണ്ട് വഴി ഏറ്റെടുക്കുന്ന നടപടികൾക്ക് കിൻഫ്ര തുടക്കം കുറിച്ചിട്ടുണ്ട്.<br>**<u>സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി :</u>**<br>ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ മുട്ടം വില്ലേജിൽ സുഗന്ധവ്യഞ്ജന പാർക്ക് സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. വ്യവസായ വകുപ്പിൽ നിന്ന് കിൻഫ്രയ്ക്ക് കൈമാറിയ 6.1905 ഹെക്ടർ ഭൂമിയിൽ ആണ് പ്രസ്തുത പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.<br>**<u>വ്യവസായ പാർക്ക്, മട്ടന്നൂർ:</u>**<br>കണ്ണൂർ ജില്ലയിൽ മട്ടന്നൂരിൽ 127 ഏക്കർ സ്ഥലത്ത് കിൻഫ്ര ഒരു വ്യവസായ പാർക്ക് സ്ഥാപിച്ചു വരുന്നു. അടിസ്ഥാന സൗകര്യങ്ങളായ |

| | |
|---|---|
| | ജലം, വൈദ്യുതി, തെരുവ് വിളക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ചുറ്റുമതിൽ, റോഡ് എന്നിവ പൂർത്തീകരിച്ചു കഴിഞ്ഞു. ജലവിതരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. എക്സ്പോർട്ട് എൻക്ലേവ്, കെ-മാർട്ട് എന്നീ പദ്ധതികൾ ഈ പാർക്കിലാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.<br>**<u>ഇന്റഗ്രേറ്റഡ് റൈസ് പാർക്ക്:</u>**<br>സംസ്ഥാനത്ത് നെല്ല് കർഷകർക്ക് ന്യായ വില ഉറപ്പാക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും ലക്ഷ്യമാക്കി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് ഇന്റഗ്രേറ്റഡ് റൈസ് പാർക്ക്, കിൻഫ്രയുടെ നേതൃത്വത്തിലാണ് സംസ്ഥാനത്ത് റൈസ് പാർക്കുകൾ സ്ഥാപിക്കുന്നത്. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലാണ് റൈസ് പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിലും പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടും പദ്ധതിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. തൃശ്ശൂരിൽ ഭൂമി കണ്ടെത്തി തുടർനടപടികൾ കിൻഫ്ര സ്വീകരിച്ചു വരുന്നു. പാലക്കാട്ടും ആലപ്പുഴയിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന റൈസ് പാർക്കിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പദ്ധതിക്ക് 66.05 കോടി രൂപയും പാലക്കാട് ജില്ലയിലെ പദ്ധതിക്ക് 42.30 കോടി രൂപയുമാണ് ചിലവ് പ്രതീക്ഷിക്കുന്നത്.<br>**<u>കാർബൺ ന്യൂട്രൽ കോഫീ പാർക്ക്, വയനാട്</u>** :<br>വയനാട് കാർബൺ ന്യൂട്രൽ കോഫീ പാർക്ക് സ്ഥാപിക്കുവാൻ 102.60 ഏക്കർ ഭൂമി കിൻഫ്ര കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

Shabna

**സെക്ഷൻ ഓഫീസർ**